പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6633 — 12.07.2012-ലെ മറുപടി നൽകേണ്ടിയിരുന്നത്

കെ.എസ്.ആർ.ടി.സി. യുടെ റൂട്ട് സംബന്ധമായ കേസുകൾ

ചോദ്യം — ഉത്തരം

ശ്രീ.: കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | ചോദ്യം | | 12.07.2012-ൽ നൽകിയ മറുപടി | പുതുക്കിയ മറുപടി |
|---|---|---|---|---|
| (എ) | റൂട്ട് സംബന്ധിച്ച കേസുകളിൽ സ്വകാര്യ ബസ്സ് ലോബിയുടെ ഇടപെടൽ മൂലം കെ.എസ്.ആർ.ടി.സി. ഭൂരിപക്ഷം കേസുകളിലും പരാജയപ്പെടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | റൂട്ട് സംബന്ധിച്ച കേസ്സുകളിൽ കോർപ്പറേഷന് എതിരായി വിധികൾ ലഭിച്ചതിന്റെ കാരണം വിശദമായി പരിശോധിച്ചു വരുന്നു. | റൂട്ട് സംബന്ധിച്ച കേസ്സുകളിൽ കോർപ്പറേഷന് എതിരായി വിധികൾ ലഭിച്ചതിന്റെ കാരണം വിശദമായി പരിശോധിച്ചു.<br><br>കോർപ്പറേഷൻ പരാജയപ്പെട്ട 27 കേസ്സുകളിൽ 7 കേസ്സുകൾ റൂട്ട് കൺവർഷനുമായി ബന്ധപ്പെട്ട കേസ്സുകളാണ്. ഓർഡിനറി, സൂപ്പർ ക്ലാസ്സ് സർവ്വീസുകളാക്കി കൺവർട്ട് ചെയ്യുന്നതിനായി സ്വകാര്യ ബസ്സുടമകൾ അനുകൂലമായ ഉത്തരവുകൾ നേടിയ കേസ്സുകളാണിവ. കോർപ്പറേഷൻ പ്രസ്തുത കേസ്സുകളിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.<br>20 കേസ്സുകളിൽ നോട്ടിഫൈഡ് സ്കീമിനു വിരുദ്ധമായി ഓവർലാപ്പിംഗ് അനുവദിച്ചു നൽകിയതാണ്.<br>കർണ്ണാടക ഹൈക്കോടതിയുടെ |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | | | |

| | | | | |
|---|---|---|---|---|
| | | | | W.P(c) നമ്പർ 26187/92 മുതൽ 26198/92 വരെയുള്ള കേസ്സുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ അനുവദനീയമായ പരിധി കഴിഞ്ഞും സ്വകാര്യ ബസ്സുകൾക്ക് നോട്ടിഫൈഡ് റൂട്ടികളിൽ പെർമിറ്റ് നൽകിക്കൊണ്ട് 12.02.2008 -ൽ കേരള ഹൈക്കോടതി W.P(c) 5061/2008 നമ്പർ കേസ്സിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ വെളിച്ചത്തിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ നോട്ടിഫൈഡ് റൂട്ടുകളിൽ പരോക്ഷമായി ഓവർലാപ്പിംഗ് അനുവദിച്ചുകൊണ്ട് വിധിന്യായങ്ങൾ പുറപ്പെടുവിച്ചു വരുന്നു.<br>എന്നാൽ നേരത്തേതന്നെ സിവിൽ അപ്പീൽ നമ്പർ 1341/90 -ാം നമ്പർ കേസ്സിൽ ബഹു. സുപ്രീംകോടതി 14.01.2002 -ൽ നോട്ടിഫൈഡ് റൂട്ടുകളിൽ ഓവർലാപ്പിംഗ് അനുവദിക്കുന്നതിനെതിരെ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ഈ വിധിന്യായം ചൂണ്ടിക്കാട്ടി മേൽ സൂചിപ്പിച്ച 20 കേസ്സുകളിലും കോർപ്പറേഷൻ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഭൂരിപക്ഷം കേസ്സുകളിലും കോർപ്പറേഷന് അനുകൂലമായി ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ലഭിച്ചിട്ടുണ്ട്.<br>റൂട്ട് കേസ്സുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതുതായി ഒരു സ്റ്റാൻഡിംഗ് കൗൺസിലിനെ നിയമിച്ചിട്ടുണ്ട്. മാത്രവുമല്ല റൂട്ടു സംബന്ധമായ കേസ്സുകൾ കോർപ്പറേഷന് |

| | | | | |
|---|---|---|---|---|
| | | | | അനുകൂലമായി നടത്തുന്നതിനും കേസ് സംബന്ധിച്ചുള്ള കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു അഡീഷണൽ ലെയ്സൺ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ